**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** — **01-02-2024 - ൽ മറുപടിയ്ക്ക്**

**മിച്ചഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മുൻ എം.എൽ.എ. മറിച്ച് വിറ്റത് മിച്ചഭൂമിയാണെന്ന് ലാൻഡ് ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ഇടപാട് സംബന്ധിച്ച് ഉത്തരവാദികളായ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | തിരുവമ്പാടി മുൻ എം.എൽ.എ. യുടെ പേരിൽ മിച്ചഭൂമി കേസ് നിലവിലില്ല. എന്നാൽ മുൻ എം.എൽ.എ. ആയിരുന്ന ശ്രീ.ജോർജ്ജ് എം.തോമസ്സിന്റെ പിതാവായ മരണപ്പെട്ടുപോയ മെക്കാട്ട്കുന്നേൽ തോമസ് എന്നവരുടെ പേരിൽ ഉണ്ടായിരുന്ന മിച്ചഭൂമി കേസിൽ നടപടികൾ പൂർത്തിയാക്കി അസസ്സിയുടെ അനന്തരാവകാശികളിൽ നിന്ന് 5.75 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുവാൻ കോഴിക്കോട് താലൂക്ക് ലാൻഡ് ബോർഡ് 19/01/2024 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മിച്ചഭൂമി കേസ് നടപടിയിൽ ഉൾപ്പെട്ട പരിധിയിലധികമുള്ള ഭൂമി കൈമാറ്റം ചെയ്താൽ ടി കൈമാറ്റം അസാധുവാകുന്നതാണ് എന്നും അപ്രകാരം ടി ഭൂമി കൂടി ഭൂപരിധി നിർണ്ണയിക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതാണെന്നും കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 84(4) ൽ വ്യവസ്ഥ ഉള്ളതാണ്.<br><br>താലൂക്ക് ലാൻഡ് ബോർഡിന്റെ ഭാഗത്ത് നിന്ന് മേൽ മിച്ചഭൂമി കേസിൽ നിയമപ്രകാരമുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മിച്ചഭൂമി സംബന്ധിച്ച രേഖകൾ വില്ലേജ് ഓഫീസിൽ സൂക്ഷിക്കണം എന്നിരിക്കെ പ്രസ്തുത ഭൂമിയുടെ പോക്കുവരവ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നൽകിയത് റവന്യൂ ഉദ്യോഗസ്ഥർ ക്രമക്കേടിന് കൂട്ടുനിന്നതിന്റെ ഭാഗമായാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | തിരുവമ്പാടി മുൻ എം.എൽ.എ. യുടെ പേരിൽ മിച്ചഭൂമി കേസ് നിലവിലില്ല. എന്നാൽ മുൻ എം.എൽ.എ. ആയിരുന്ന ശ്രീ.ജോർജ്ജ് എം.തോമസ്സിന്റെ പിതാവായ മരണപ്പെട്ടുപോയ മെക്കാട്ട്കുന്നേൽ തോമസ് എന്നവരുടെ പേരിൽ ഉണ്ടായിരുന്ന മിച്ചഭൂമി കേസിൽ നടപടികൾ പൂർത്തിയാക്കി അസസ്സിയുടെ അനന്തരാവകാശികളിൽ നിന്ന് 5.75 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുവാൻ കോഴിക്കോട് താലൂക്ക് ലാൻഡ് ബോർഡ് 19/01/2024 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മിച്ചഭൂമി കേസ് നടപടിയിൽ ഉൾപ്പെട്ട പരിധിയിലധികമുള്ള ഭൂമി കൈമാറ്റം ചെയ്താൽ ടി കൈമാറ്റം അസാധുവാകുന്നതാണ് എന്നും അപ്രകാരം ടി ഭൂമി കൂടി ഭൂപരിധി നിർണ്ണയിക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതാണെന്നും കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 84(4) ൽ വ്യവസ്ഥ ഉള്ളതാണ്.<br><br>താലൂക്ക് ലാൻഡ് ബോർഡിന്റെ ഭാഗത്ത് നിന്ന് മേൽ മിച്ചഭൂമി കേസിൽ നിയമപ്രകാരമുള്ള നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ